പയാമെ ഇൻസാനിയത്ത് (3)

# മാനവതാസന്ദേശം: പ്രാധാന്യം, പ്രവർത്തനം, മര്യാദകൾ

മൗലാനാ സയ്യിദ് ബിലാൽ ഹസനി നദ്‌വി
(ജന:സെക്രട്ടറി അഖിലേന്ത്യാ പയാമെ ഇൻസാനിയ്യത്ത്)

സ്വതന്ത്ര ഇന്ത്യയിലെ പ്രത്യേകമായ സാഹചര്യങ്ങൾ കണ്ടുകൊണ്ട് വിശ്വപണ്ഡിതനായ മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി ആരംഭിച്ച ഒരു പ്രവർത്തനമാണ് പയാമെ ഇൻസാനിയ്യത്ത് (മാനവികതയുടെ സന്ദേശം) ഇത് സർവ്വമത സത്യവാദത്തിലേക്കുള്ള ഒരു നീക്കമായേക്കാം എന്ന് ചിലർ അന്ന് ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. തദവസരം അല്ലാമാ പ്രസ്താവിച്ചു: ഈ പ്രവർത്തനം സർവ്വമത സത്യവാദത്തിന്റേത് അല്ല, സർവ്വമനുഷ്യരുടെയും ഏകത്വത്തിന്റെ പ്രബോധനമാണ്. പടച്ചവൻ അവരിപ്പിച്ച ദർശനം ഒന്നേയുള്ളൂ എന്നാണ് ഇസ്‌ലാം പറയുന്നതെങ്കിലും എല്ലാവരോടും ആദരവും സഹാനുഭൂതിയും പുലർത്തണമെന്ന് ഇസ്‌ലാം കൽപ്പിക്കുന്നു. എല്ലാ മനുഷ്യരും ഒരു പിതാവിന്റെ മക്കളാണെന്നും ആ നിലയിൽ വലിയ ബന്ധമുണ്ടെന്നും ഉണർത്തുകയും ചെയ്യുന്നു. പല പ്രസ്ഥാനങ്ങൾക്കിടയിൽ ഇത് പുതിയ ഒരു പ്രസ്ഥാനത്തിന്റെ കൂട്ടിച്ചേർക്കൽ അല്ല. മറിച്ച് എല്ലാ നല്ല പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഭൂമി ഒരിക്കിക്കൊടുക്കലാണ് ഇതിന്റെ ലക്ഷ്യം. ഭൂമി ഇല്ലെങ്കിൽ കെട്ടിടങ്ങളൊന്നും ഉണ്ടാകുന്നതല്ല. ഭൂമി കുലുങ്ങിയാൽ കെട്ടിടങ്ങൾ തകർന്നു പോകും. ഇപ്രകാരം മാനവികതയുടെ പ്രവർത്തമില്ലെങ്കിൽ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും അവശേഷിക്കുന്നതല്ല.

ഇന്ത്യയിൽ കത്തിക്കയറിക്കൊണ്ടിരിക്കുന്ന അപകടകരമായ അവസ്ഥയിൽ ഈ പ്രവർത്തനത്തിന്റെ പ്രാധാന്യം കൂടുതൽ വ്യക്തമായിരിക്കുകയാണ്. എന്നാൽ ഇതിന്റെ മര്യാദകളും രീതികളും നന്നായി മനസ്സിലാക്കലും ഉൾക്കൊള്ളലും നിർബന്ധമാണ്. അല്ലാത്തപക്ഷം ഇതിന്റെ ഫലം ശരിയാംവിധം ഉണ്ടാകുന്നതല്ല. കൂടാതെ ചിലരെങ്കിലും ഇന്നും ഇതിന്റെ ഗൗരവം ഉണർന്നിട്ടില്ല. ആകയാൽ ആദ്യം ഇതിന്റെ പ്രാധാന്യവും തുടർന്ന് ഇതിന്റെ മര്യാദ രീതികളും ചെറിയ നിലയിൽ വിവരിക്കുകയാണ്.

ഒരുഭാഗത്ത് ഈ പ്രവർത്തനം ഇന്നത്തെ വലിയ ഒരു ആവശ്യമാണ്. മറുഭാഗത്ത് റസൂലുല്ലാഹി ﷺ യുടെ ഒരു സുപ്രധാന ചര്യയുമാണ്. പ്രവാചക ചരിത്രത്തിൽ ഫുദൂൽ ശപതം എന്ന പേരിൽ ഒരു കരാർ നടക്കുകയു

ണ്ടായി. സാധുക്കളെയും മർദ്ദിതരെയും സഹായിക്കുകയും അക്രമികളെ തടയുകയും ചെയ്യും എന്ന ഒരു കരാർ പ്രവാചകത്വത്തിന് മുമ്പ് മക്കയിൽ വെച്ച് നടന്നപ്പോൾ റസൂലുല്ലാഹി ﷺ അതിൽ ആവേശത്തോടെ പങ്കെടുത്തു. പിൽക്കാലത്ത് റസൂലുല്ലാഹി ﷺ അതിനെ അനുസ്മരിച്ചുകൊണ്ട് അരുളി: ഇന്നും ആരെങ്കിലും എന്നെ ഇത്തരം കരാറിലേക്ക് ക്ഷണിച്ചാൽ ഞാൻ അതിന് സന്നദ്ധനാകുന്നതാണ്.

കൂടാതെ മാനവികതയുടെ ഈ പ്രവർത്തനം ഇസ്‌ലാമിന്റെ സ്വഭാവപരമായ അധ്യാപനങ്ങൾ പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനുമുള്ള ഒരു മാർഗ്ഗമാണ്. യഥാർത്ഥത്തിൽ ഇക്കാര്യം വേണ്ടതുപോലെ ഉണ്ടായിട്ടില്ല. മസ്ജിദുകളിലും ആരാധനാ സന്ദർഭങ്ങളിലും ഇസ്‌ലാമിക അധ്യാപനങ്ങൾ പാലിക്കുന്നവർ കമ്പോളങ്ങളിലും ഓഫീസുകളിലും വഴികളിലും എത്രമാത്രം ഇസ്‌ലാമിക സ്വഭാവങ്ങൾ പാലിക്കുന്നുണ്ട്. സൽസ്വഭാവങ്ങൾ പാലിക്കുന്നതുപോകട്ടെ കളവ്, വഞ്ചന, അക്രമം, പ്രതികാരദാഹം എന്നിങ്ങനെ ദുസ്വഭാവങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുന്നു.

സഹോദരാ സമുദായങ്ങൾ നമ്മോട് ശത്രുത പുലർത്തുകയും നമ്മെ തകർക്കാൻ പരിശ്രമിക്കുകയും ചെയ്യുമ്പോൾ നാം അവരോട് നല്ല നിലയിൽ പെരുമാറണോ എന്ന് പലരും ചോദിക്കാറുണ്ട്. നാം മനസ്സിലാക്കുക: സഹോദസമുദായത്തിൽ ശത്രുതാമനോഭാവമുള്ളവർ ഉണ്ട് എന്നുള്ളത് ശരിതന്നെ. വെറും ശത്രുതയല്ല ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഇല്ലാതാക്കണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി സ്പെയിനിന്റെയും മറ്റും ചരിത്രങ്ങൾ പഠിച്ച് പദ്ധതികൾ തയ്യാറാക്കിയവരും അവരിലുണ്ട്. എന്നാൽ അവർ വളരെ ന്യൂനപക്ഷമാണ്. മാനവികതയുടെ പ്രവർത്തനം നടത്താതിരിക്കുന്നത് അവർക്ക് ശക്തിപകരുക മാത്രമാണ് ചെയ്യുന്നത്. മാനവികതയുടെ പ്രവർത്തനം അവരിൽ പെട്ട സുമനസ്സുകളെ മാറ്റിചിന്തിപ്പിക്കാനും നമ്മോടുള്ള ശത്രുത ഇല്ലാതാക്കാനും ഉപകരിക്കുന്നതാണ്.

ഇവിടെ ഒരു കാര്യം ഓർക്കുക, ഇസ്‌ലാം അനുവദിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തിട്ടുള്ള കാര്യമായ സഹോദര സമുദായങ്ങളുമായിട്ടുള്ള നമ്മടെ ബന്ധം വളരെ കുറവും പരിമിതവുമാണ്. നമ്മിൽ വലിയ ഒരു വിഭാഗം മസ്ജിദുകളിലും മദ്റസകളിലും മാത്രം ഒതുങ്ങുകയും സ്വന്തം കാര്യങ്ങൾ നോക്കുകയും ചെയ്യുന്നവരാണ്. നാടും നാട്ടുകാരുമായി ഒരു ബന്ധവും ഇല്ല. ഇത് കാരണം നാം ഒതുങ്ങുകയും തൽപ്പരകക്ഷികൾ നമ്മെ ഒതുക്കുകയും അവരുടെ ലക്ഷ്യങ്ങൾ സുഖമമായി പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നതാണ്. വർഗ്ഗീയതയുടെ കൊടുങ്കാറ്റിന് ഇടയിൽ നമ്മുടെ ചെറിയ കോട്ടകളൊന്നും പ്രതിരോധിച്ച് നിൽക്കുന്നതല്ല എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയുക.

ജനങ്ങളെല്ലാവരും നന്നാകണമെന്ന് ആഗ്രഹിക്കുകയും എല്ലാവർക്കും

സേവന സഹായങ്ങൾ ചെയ്യുകയും എല്ലാവരെയും നന്മകളിലേക്ക് ആത്മാർത്ഥമായി ക്ഷണിക്കുകയും ചെയ്യുന്നതിലൂടെ വിശ്വാസവും സ്നേഹവും ആർജ്ജിക്കാൻ കഴിയുന്നതാണ്. ഇതിലൂടെയാണ് മുൻ ഗാമികളായ മഹത്തുക്കൾ ജയിച്ച് മുന്നേറിയത്. ഉദാഹരണത്തിന് ഖാജാ മുഈനുദ്ദീൻ ചിശ്തി ഗുണങ്ങൾ മുറുകെ പിടിച്ചപ്പോൾ ജനങ്ങൾ അദ്ദേഹത്തിലേക്ക് അടുക്കുകയും ലക്ഷക്കണക്കിന് ആളുകൾ ഇസ്ലാം സ്വീകരിക്കുകയും ചെയ്തു.

മാനവികതയുടെ ഈ പ്രവർത്തനം നമ്മുടെ നിലനിൽപ്പിന്റെയും സുരക്ഷിതത്വത്തിന്റെയും നിലനിൽപ്പുകൂടിയാണ്. പരിശുദ്ധഖുർആനിൽ അല്ലാഹു അറിയിക്കുന്നു: പത ഉണങ്ങിപ്പോകും. ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നത് ഭൂമിയിൽ അവശേഷിക്കുന്നതാണ്. (റഅദ് 17). പരിശുദ്ധഖുർആനിന്റെ ഈ പ്രഖ്യാപനത്തിൽ പടച്ചവൻ ഒരു പൊതുനിയമം അറിയിച്ചിരിക്കുന്നു. പതയും നുരയും നശിച്ചുപോകും. പ്രയോജനപ്രദമായ കാര്യങ്ങൾ അവശേഷിക്കുന്നതാണ്. നാം നാടിനും നാട്ടുകാർക്കും പ്രയോജനമായി മാറുക. ജനങ്ങൾക്ക് സേവന സഹായങ്ങൾ ചെയ്യുക. ഇതിലൂടെ നാം സുരക്ഷിതരായിത്തീരുന്നതാണ്. പലരും അക്രമങ്ങൾ കാട്ടിയിട്ടും ലോകത്ത് നിലനിൽനിക്കുന്നത് ഈ നിയമം പാലിച്ചുകൊണ്ടാണ്. അമേരിക്ക് എന്തെല്ലാം അക്രമങ്ങൾ കാണിക്കുന്നു. പക്ഷേ അതിനോട് കൂടി വിവര സാങ്കേതിക വിദ്യകളിലൂടെയും മറ്റും പലനിലയിൽ ജനങ്ങൾക്ക് ഉപകാരപ്പെടുകയും ചെയ്യുന്നു. അതെ, ഒരു കാലത്ത് മുസ്ലിംകൾ ജനങ്ങൾക്ക് ഉപകാരങ്ങൾ ചെയ്തപ്പോൾ അവർക്ക് ഭീഷണികളെ അതിജയിച്ച് നിലനിൽക്കാനും മുന്നേറാനും സാധിച്ചു. പഴയ ബാഗ്ദാദിലെ ആശുപത്രിയിൽ സൗജന്യചികിത്സകൾ നൽകുന്നതിനോടൊപ്പം രോഗികളെ ആശ്വസിപ്പിക്കാനും അവർക്ക് സേവനങ്ങൾ ചെയ്യാനും ഒരുകൂട്ടമാളുകൾ നിലയുറപ്പിച്ചിട്ടുണ്ടായിരുന്നു.

എന്നാൽ ഇന്ന് നമ്മുടെ അവസ്ഥയെന്താണെന്ന് ശാന്തമായി ചിന്തിക്കുക. നമ്മുടെ സ്വഭാവം എത്ര ഉന്നതമാണ്. മറ്റുള്ളവരെ ആകർശിക്കുന്ന സ്വഭാവ ഗുണങ്ങളാണോ അകറ്റുന്ന പ്രവണതകളാണോ നമ്മിൽ ഉള്ളത്? വഴക്കുകളും പ്രശ്നങ്ങളും കേസുകളും നമ്മളുടെ നിത്യസംഭവമല്ലേ? ചുരുക്കത്തിൽ നമ്മളുടെ സ്വഭാവം നന്നാക്കൽ വലിയ ഒരു ആവശ്യമാണ്. അതിനുള്ള ഒരു പരിശ്രമമാണ് പയാമെ ഇൻസാനിയ്യത്ത്. ഇസ്ലാം എത്ര സുന്ദരമാണെങ്കിലും മുസ്ലിംകൾ മഹാമോശമാണ് എന്ന ഒരു അഭിപ്രായം മാറി മുസ്ലിംകളിൽ ചിലർ മോശമാണെങ്കിലും ഇസ്ലാമും ബഹുഭൂരിഭാഗം മുസ്ലിംകളും വളരെ ഉന്നത സ്വഭാവത്തിന്റെ വാക്താക്കളാണ് എന്ന ഒരു കാഴ്ചപ്പാട് ഇതിലൂടെ ഉണ്ടാകുന്നതാണ്.

ഈ പ്രവർത്തനത്തിലൂടെ ധാരാളം തെറ്റിദ്ധാരണകൾ ദൂരീകരിക്കപ്പെ

ടുന്നതാണ്. എത്ര പ്രസംഗിച്ചാലും എഴുതിയാലും തീരാത്ത നിലയിലുള്ള കുറേ തെറ്റിദ്ധാരണകൾ സഹോദരസമുദായങ്ങളുടെ മനസ്സുകളിൽ വേര് ഊന്നിയിട്ടുണ്ട്. അവരുമായി അടുത്ത് നല്ല നിലയിൽ ഇടപെടന്ന തിലൂടെ മാത്രമേ ഈ തെറ്റിദ്ധാരണകൾ മാറുകയുള്ളൂ. ലക്നൗവിൽ ഒരു മസ്ജിദ് നിർമ്മാണം നടക്കുകയായിരുന്നു. അതിൽ പങ്കെടുത്ത ഹൈന്ദവ സഹോദരൻ അവസാനം എന്നോട് പറഞ്ഞു: ഇന്നാണ് ഒരു തെറ്റിദ്ധാരണ മാറിയത്. മസ്ജിദിന്റെ അടിത്തറയിൽ ഗോ രക്തം ഒഴിക്കുമെന്ന് ഞാൻ കേട്ടിരുന്നു. തുടക്കംമുതൽ ഞാൻ അത് ശ്രദ്ധിച്ചു. ഇല്ലാത്തപ്പോൾ എന്റെ കൂട്ടുകാരെ ഞാൻ നോക്കാൻ ഏൽപ്പിച്ചിരുന്നു. പക്ഷേ അവസാനംവരെ അത് കാണുകയുണ്ടായില്ല! ഇപ്രകാരം ധാരാളം തെറ്റിദ്ധാരണകൾ അവരുടെ മനസ്സുകളിൽ ഉണ്ട്. അല്ലാമാ നദ്‌വി പറയുന്നു: ഹൈന്ദവ കുടുംബത്തിലുള്ള ഒരു കുട്ടിയെ എത്ര വിളിച്ചിട്ടും അരികിലേക്ക് വന്നില്ല. കാരണം തിരക്കിയപ്പോൾ ആദ്യം ലജ്ജ കാരണം ഒന്നും പറഞ്ഞില്ല. ആവർത്തിച്ച് ചോദിച്ചപ്പോൾ അവസാനം പറഞ്ഞു: മുസ്‌ലിംകളുടെ പോക്കറ്റിൽ കത്തിയുണ്ടായിരിക്കും. അവരുടെ അരികിലേക്ക് പോകാൻ പാടില്ല. ചുരുക്കത്തിൽ ഇത്തരം ധാരാളം സംശയങ്ങൾ അവരുടെ മനസ്സുകളിൽ നിറഞ്ഞുനിൽക്കുകയാണ്. അവരുമായിട്ടുള്ള നല്ല ബന്ധം മാത്രമാണ് ഇതിന്റെ പരിഹാരം

### പ്രവർത്തന രീതി

മാനവികതയുടെ ഉന്നത ഗുണങ്ങൾ നമ്മിൽ ഉണ്ടാക്കിയെടുക്കാനും പ്രചരിപ്പിക്കാനും നാം ഓരോരുത്തരും ആഗ്രഹിക്കുകയും അതിനുവേണ്ടി കൂടിയാലോചിക്കുകയും ഇടയ്ക്കിടെ കൂടിയാലോചനകൾ തുടർന്നുകൊണ്ടിരിക്കുകയും ചെയ്താൽ ഈ പ്രവർത്തനത്തിന്റെ വിവിധ രൂപങ്ങളും മര്യാദകളും നമുക്ക് വ്യക്തമാകുന്നതാണ്. അനുഭവങ്ങളിലൂടെ ഈ വിഷയത്തിൽ പ്രയോജനകരമായി മനസ്സിലായ രണ്ട് ലളിതമാർഗ്ഗങ്ങൾ മാത്രം ഇവിടെ വിവരിക്കുന്നു.

ഒന്ന്, രചനകളുടെ വിതരണം. അല്ലാമാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി പയാമെ ഇൻസാനിയ്യത്തുമായി ബന്ധപ്പെട്ട് നടത്തിയ പ്രഭാഷണങ്ങൾ ചെറു രചനകളാക്കി തയ്യാറാക്കുകയും വ്യാപകമായ നിലയിൽ വിതരണം നടത്തുകയും ചെയ്യുക. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിയമ പാലകർ, വൈദ്യവുമായി ബന്ധമുള്ളവർ, സേവന പ്രവർത്തകർ, ഓഫീസർമാർ, വ്യാപാരികൾ, രാഷ്ട്രീയക്കാർ, എന്നീ വിഭാഗങ്ങൾക്ക് ഇത് പ്രത്യേകമായി എത്തിച്ചുകൊടുക്കേണ്ടതാണ്. എത്തിച്ചുകൊടുക്കപ്പെടുന്നവരുടെ വിഭാഗത്തിൽപെട്ടവർ തന്നെ അവർക്ക് എത്തിച്ചുകൊടുക്കുന്നതാണ് ഉത്തമം. എത്തിച്ചുകൊടുക്കുന്നവർ ആദ്യം രചന വായിച്ച് നോക്കേണ്ടതാണ്. എന്നാൽ മാത്രമേ വല്ല സംശയങ്ങളും ചോദിച്ചാൽ

മറുപടി പറയാൻ സാധിക്കുകയുള്ളൂ. രചനയോടൊപ്പം അഭിപ്രായം രേഖ പ്പെടുത്താനുള്ള ഒരു ഫോറവും വെക്കേണ്ടതാണ്. മറ്റൊരിക്കൽ കണ്ടുമുട്ടി ആ ഫോറം വാങ്ങുകയും അവരുടെ അഭിപ്രായങ്ങൾ ശ്രദ്ധിക്കുകയും ചെ യ്യേണ്ടതാണ്. യാത്രകളിൽ ഈ രചനകൾ കൈയ്യിൽ കരുതാൻ പ്രത്യേകം ശ്രദ്ധിക്കണം. യാത്രക്കിടയിൽ നാം തന്നെ അത് വായിച്ചുകൊണ്ടിരിക്കുക. ഇതിലൂടെ മറ്റുള്ളവർക്ക് മനസ്സിലാക്കാൻ ആഗ്രഹം ജനിക്കുന്നതാണ്. ഈ രചനകൾ കേന്ദ്രത്തിൽ നിന്നും വരുത്തുകയോ സ്വന്തം യൂണിറ്റിന്റെ പേരിൽ പ്രസിദ്ധീകരിക്കുകയോ ചെയ്യാവുന്നതാണ്.

രണ്ട്, ആശുപത്രികളിലെ സന്ദർശനമാണ് രണ്ടാമത്തെ ലളിതവും ശക്തവുമായ പ്രവർത്തനം. ഇതിന് രണ്ട് രൂപങ്ങൾ ഉണ്ട്. ഒന്നാമതായി സുബ്ഹി നമസ്ക്കാരം കഴിഞ്ഞ് കുറച്ച് ചായയും ബിസ്ക്കറ്റും എടു ത്തുകൊണ്ട് രോഗികളെ സന്ദർശിക്കുകയും അവർക്ക് ആദരവോടെ നൽകുകയും ചെയ്യുക. രണ്ടാമതായി ജലം പോലുള്ള ആവശ്യവസ്തുക്കൾ ശേഖരിക്കുകയും രാവിലെ 11 മണിക്കോ വൈകുന്നേരമോ സംഘമായി ആശുപത്രികളിൽ പോയി ഈരണ്ട് പേർ വീതം ഓരോ ഏരിയകളിൽ സന്ദർശനം നടത്തുക. ഈ രണ്ട് നിലയിലുള്ള സന്ദർശനകളിലും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

ദീനുള്ളവരും ദീൻ കുറഞ്ഞവരുമായ ആളുകളെ ഉൾപ്പെടുത്തി ചെറു സംഘങ്ങൾ ഉണ്ടാക്കേണ്ടതാണ്. ആശുപത്രി അധികൃതരെ (സി എ മോ) ആദ്യമായി കണ്ട് ഈ പ്രവർത്തനത്തെ പരിചയപ്പെടുത്തുകയും അനുവാദം വാങ്ങുകയും ചെയ്യേണ്ടതാണ്. ആദ്യം രോഗികളുടെ ബന്ധുക്കളെ കണ്ട് അവസ്ഥയും ആവശ്യങ്ങളും ചോദിച്ചറിയുക. തുടർന്നവർക്ക് ഈ പ്രവർ ത്തനത്തിന്റെ ലഘുലേഖ നൽകുക. ശേഷം രോഗിയെ നല്ല നിലയിൽ സമാശ്വസിപ്പിക്കുകയും ആരോഗ്യത്തിനും സൗഖ്യത്തിനും പ്രാർത്ഥിക്കുക യും ചെയ്യുക. രോഗിക്ക് ആശുപത്രിയിൽ വല്ല പ്രശ്നങ്ങളും ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ പരിശ്രമിക്കുകയും ചികിത്സയിൽ വല്ല തടസ്സവും ഉണ്ടെങ്കിൽ അത് ദൂരീകരിക്കുക. ഇടയ്ക്കിടെ സന്ദർശനങ്ങൾ തുടരുക.

ഈ രണ്ട് പ്രവർത്തനങ്ങൾ കൂടാതെ വേറെയും ധാരാളം മാനവിക പ്രവർത്തനങ്ങൾ ഉണ്ട്. സ്കൂളുകൾ സന്ദർശിക്കുക, വൃദ്ധസദനങ്ങളിൽ പോവുക, സാധുക്കളെ സഹായിക്കുക, സദസ്സുകൾ സംഘടിപ്പിക്കുക, മെഡിക്കൽ ക്യാമ്പുകൾ നടത്തുക, പ്രബന്ധ മത്സരങ്ങൾ സംഘടിപ്പി ക്കുക, പ്രസംഗ മത്സരങ്ങൾ നടത്തുക, കരിയർ ഗേഡൻസ് നൽകുക, ജയിലുകൾ സന്ദർശിക്കുക, പൊതുസമ്മേളനങ്ങൽ സംഘടിപ്പിക്കുക, ഡയലോഗുകൾ (അഭിമുഖങ്ങൾ) നടത്തുക, പിന്നാക്ക പ്രദേശങ്ങളെ സമുദ്ധരിക്കുക, അനാഥ അനാഥരെ സംരക്ഷിക്കുക, എന്നിവ അതിൽ പെട്ടതാണ്.

**ചില നിർദ്ദേശങ്ങൾ**

* ഈ പ്രവർത്തനത്തിന്റെ അടിസ്ഥാനം മാനവികത മാത്രമാണ്. അതായത് സമൂഹത്തിൽ മാനുഷിക മൂല്യങ്ങൾ വളർത്തലും മനുഷ്യത്വത്തിന്റെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധങ്ങൾ നന്നാക്കലുമാണ്. അതുകൊണ്ട് ഇതിനെ ഏതെങ്കിലും മത-രാഷ്ട്രീയ സംഘടനകളുമായി ബന്ധിപ്പിക്കരുത്. ഇതിന്റെ അംഗങ്ങൾ സ്വയം മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളേണ്ടതും എല്ലാവിധ വർഗ്ഗീയ വിഭാഗിയതകളിൽ നിന്നും അകന്ന് നിൽക്കേണ്ടതുമാണ്. * പയാമെ ഇൻസാനിയ്യത്തിന്റെ ബാനറിൽ എന്ത് പരിപാടി നടത്തുമ്പോഴും ഉത്തരവാദിത്വപ്പെട്ടവരോട് അനുവാദം ചോദിച്ചിരിക്കണം. * എല്ലാ പരിപാടികളിലും ഈ പ്രവർത്തനത്തിന്റെ ലെറ്റർപാഡ് ഉപയോഗിക്കണം. * ഇതിന്റെ ലോഗോ മാറ്റാൻ പാടില്ല. * എല്ലാത്തരം ഫോറങ്ങളുടെയും മാതൃക ഹെഡ്ഓഫീസിൽ നിന്നും കരസ്ഥമാക്കേണ്ടതാണ്. * അവസാനമായി ഈ പ്രവർത്തനത്തെക്കുറിച്ച് അടിസ്ഥാനപരമായ ഒരു കാര്യം കൂടി ഉണർത്തുന്നു. ഈ പ്രവർത്തനത്തിന്റെ ഉദ്ദേശം നമ്മുടെ വിശ്വാസ ആദർശങ്ങളിൽ വിട്ടുവീഴ്ച വരുത്തുകയോ മറ്റുള്ളവരുടെ തിന്മ ലഘൂകരിച്ച് കാട്ടുകയോ ചെയ്യലല്ല. പടച്ചവൻ നമുക്ക് നൽകിയ സന്മാർഗ്ഗ ദർശനങ്ങളെ ഒരിക്കലും നാം ഉപേക്ഷിക്കുന്നതല്ല. അതുകൊണ്ടുതന്നെ ഈ പ്രവർത്തനങ്ങളുടെ പേര് പറഞ്ഞ് അനിസ്‌ലാമിക പരിപാടികളിൽ സഹകരിക്കാൻ അനുവാദമില്ല. അതുകൊണ്ടുതന്നെ ഇസ്‌ലാമിക ആഘോഷങ്ങളിലും ഈ പ്രവർത്തനത്തിന്റെ പേര് ഉപയോഗിക്കാൻ ഞങ്ങൾക്ക് താൽപ്പര്യമില്ല. കാരണം പെരുന്നാളിൽ നാം ഇതിന്റെ പേരിൽ പരിപാടി വെച്ചാൽ സഹോദരസമുദായങ്ങൾ അവരുടെ മതപരിപാടികളിലും ആഘോഷങ്ങളിലും ഇതിന്റെ പേരിൽ നമ്മെ വിളിക്കുന്നതും അവസാനം സർവ്വമത സത്യവാദത്തിന്റെ പ്രശ്നം ഉടലെടുക്കുകയും ചെയ്യുന്നതാണ്.

അതുപോലെ ഇതിന്റെ പരിപാടികളിൽ മതത്തിന്റെ യാതൊരു ചർച്ചയും പാടില്ല. വെറും മനുഷ്യത്വത്തിന്റെ കാര്യം മാത്രം പറയുക. മതത്തിന്റെ വിഷയം വന്നാൽ ഇപ്രകാരം വ്യക്തമാക്കി കൊടുക്കുക: അത് മതത്തിന്റെ കാര്യം, നിങ്ങൾക്ക് നിങ്ങളുടെ മതം, ഞങ്ങൾക്ക് ഞങ്ങളുടെ മതം, നമ്മുടെ ലക്ഷ്യം മനുഷ്യത്വത്തിന്റെ പേരിൽ നാമെല്ലാവരും ഒരുമിച്ചുകഴിയലാണ്, നാമെല്ലാവരും വിത്യസ്ഥ മതക്കാരാണെങ്കിലും ഒരു നാട്ടുകാരാണ് എന്ന നിലയിൽ പരസ്പരം ആദരിച്ചും സഹായിച്ചും കഴിയേണ്ടതാണ്.

റസൂലുല്ലാഹി ﷺ മദീന ത്വയ്യിബയിൽ വന്നപ്പോൾ അവിടെയുള്ള യഹൂദികളുമായി ഒരു കരാർ നടത്തി. മദീനയുടെ ഏക അധികാരിയായിരുന്ന റസൂലുല്ലാഹി ﷺയ്ക്ക് ഈ കരാറിന്റെ പ്രത്യേക ആവശ്യം ഒന്നും ഇല്ലായിരുന്നു. പക്ഷേ റസൂലുല്ലാഹി ﷺ ഒരു മഹത്തായ കരാർ നടത്തു

കയും പരിപൂർണ്ണമായി പാലിക്കുകയും ചെയ്തു. അമുസ്‌ലിംകളുമായി കരാറുകൾ നടത്താമെന്ന് ഈ സംഭവം അറിയിക്കുന്നു. ഇത്തരം ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ആണ് നാം ഈ രാജ്യത്ത് കഴിയുന്നത്. നല്ല ഒരു പൗരനായി സമാധാനത്തോടെ കഴിയാം എന്നതാണ് ഈ കരാറിന്റെ കാതലായ ഭാഗം. എന്നാൽ ഇതോടൊപ്പം ഇസ്‌ലാമിക ശരീഅത്തുമായി പരിപൂർണ്ണ ബന്ധം നിലനിർത്തുമെന്ന സുപ്രധാനമായ ഒരു കരാർ പടച്ചവനുമായി നാം ചെയ്തിട്ടുണ്ട്. ചിലർ ആവേശത്തിന്റെ പേരിൽ ഈ രണ്ടാമത്തെ കരാർ മറക്കുകയും ദീനിന് വിരുദ്ധമായ കാര്യങ്ങൽ കാട്ടിക്കൂട്ടുകയും ചെയ്യാറുണ്ട്. എന്നാൽ പരസ്പര സൗഹാർദ്ദത്തിന്റെ പേര് പറഞ്ഞ് ശരീഅത്തിന് വിരുദ്ധമായ ഒരു കാര്യം പോലും ചെയ്യാൻ നമുക്ക് അനുവാദമില്ല. ഇത്തരുണത്തിൽ ഈ പ്രവർത്തനവും എല്ലാ പൊതുപ്രവർത്തനങ്ങളും നടത്തുന്നവർ മുറുകെപ്പിടിക്കേണ്ട ചില ഗുണങ്ങൾ കൂടി ഉണർത്തുകയാണ്.

**മഹൽഗുണങ്ങൾ**

ഒന്നാമതായി നമ്മളുടെ മുഴുവൻ പ്രവർത്തനങ്ങളും അല്ലാഹുവിന് പൊരുത്തത്തിനുവേണ്ടിയാണെന്നുള്ള ഉദ്ദേശ ശുദ്ധി (ഇഖ്‌ലാസ്) എപ്പോഴും നിലനിർത്തണം. ഇഖ്‌ലാസ് ഇല്ലെങ്കിൽ പ്രവർത്തനങ്ങളിൽ ജീവൻ ഉണ്ടാകുന്നതല്ല. പരസ്പരമുള്ള പ്രശ്നങ്ങളുടെയും വഴക്കുകളുടെയും പ്രധാന കാരണവും ഇഖ്‌ലാസ് ഇല്ലായ്മയാണ്. മുന്നിലാര് പിന്നിലാര് എന്ന ചിന്തകൾ ഉപേക്ഷിച്ച് നാമെല്ലാവരും നന്മയുടെ പ്രവർത്തകരാണെന്നും നന്മയുടെ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടക്കണമെന്നും ആഗ്രഹിക്കുക.

രണ്ടാമതായി നമ്മുടെ സ്വഭാവങ്ങൾ ഉന്നതമാക്കുക. മാനവികത സന്ദേശിക്കുന്ന നമ്മൾ നമ്മെ തന്നെയാണ് ആദ്യമായി മാനവികത പഠിപ്പിക്കുന്നതെന്ന് ഓർക്കുക.

മൂന്നാമതായി എല്ലാ നന്മകളും പടച്ചവന്റെ ഉദവിയാണ് എന്ന് വിശ്വസിക്കുകയും പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുക. ഞാൻ ചെയ്തു, ഞങ്ങൾ ചെയ്തു എന്നീ വാചകങ്ങൾ അത്യന്തം അപകടകരമാണ്. പയാമെ ഇൻസാനിയ്യത്തിന്റെ ഒരു സമ്മേളനത്തിൽ അല്ലാമാ നദ്‌വി ഉണർത്തി: പലരും ഈ പ്രവർത്തനത്തെ എന്നിലേക്ക് ചേർത്ത് പറയാറുണ്ട്. ഒരിക്കലും ഇത് പാടില്ല. ഇത് പ്രവാചകന്മാരുടെ പ്രവർത്തനമാണ്. അല്ലാഹു നമുക്ക് ഇതിന് ഉദവി നൽകി. ഇക്കാര്യം നിരന്തരം ഓർമ്മ വെച്ചാൽ പ്രവർത്തനങ്ങൾ ശരിയായ നിലയിൽ മുന്നോട്ട് നീങ്ങുന്നതാണ്.

നാലാമതായി ഈ പ്രവർത്തനം വലിയ ചിന്തയോടെയും വേദനയോടെയും നിർവ്വഹിക്കേണ്ടതാണ്. ഈ ഗുണം റസൂലുല്ലാഹി ﷺയുടെ അനന്തര സ്വത്താണ്. ലാഘവത്തത്തോടെയോ കളിതമാശകളായോ ഈ പ്രവർത്തനം നടത്തരുത്.

അഞ്ചാമതായി ആരാധനാ കാര്യങ്ങളിൽ വിശിഷ്യാ ജമാഅത്ത് നിസ്ക്കാരങ്ങളിലും സുന്നത്ത് നമസ്ക്കാരങ്ങളിലും വലിയ ശ്രദ്ധ പുലർത്തേണ്ടതാണ്. സാമൂഹിക പ്രവർത്തനങ്ങൾ നടത്തുന്നവർ ഇതിൽ പലപ്പോഴും അലസത കാട്ടാറുണ്ട്. ഇത് വലിയ നഷ്ടമാണ്. എവിടെ പ്പോയാലും ആദ്യം മസ്ജിദ് അന്വേഷിക്കുകയും നമസ്ക്കാരത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക.

ആറാമതായി പ്രകടനങ്ങളും വീരവാദങ്ങളും ഉപേക്ഷിക്കുക. പരസ്പരം പോലും വീരവാദങ്ങൾ നടത്താൻ പാടില്ല. ഗുണപാഠങ്ങൾക്കുവേണ്ടി എന്തെങ്കിലും സംഭവങ്ങളും അനുഭവങ്ങളും വിവരിക്കുന്നതുകൊണ്ട് കുഴപ്പമില്ല. എന്നാൽ എപ്പോഴും പെരുമയുടെ പെരുമ്പറ കൊട്ടിക്കൊണ്ടിരിക്കുന്നത് എണ്ണങ്ങളും കണക്കുകളും പറയുന്നതും വാർത്തകൾ പ്രചരിപ്പിക്കുന്നതും ഒരു ഭാഗത്ത് ഇഖ്ലാസ് നഷ്ടപ്പെടുത്തുമെങ്കിൽ മറുഭാഗത്ത് പ്രവർത്തനങ്ങൾക്ക് വലിയ തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. വിശിഷ്യാ ഈ പ്രവർത്തനങ്ങളുടെ ഫലമായി അല്ലാഹു ആർക്കെങ്കിലും സന്മാർഗ്ഗം നൽകിയാൽ അതിനെ പരസ്യപ്പെടുത്താതിരിക്കാൻ വളരെ ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല അതിന് ഈ പ്രവർത്തനവുമായി ബന്ധമില്ലെന്ന് പറയുന്നതാണ് വളരെ നല്ലത്. അല്ലാമാ നദ്വിക്ക് ശേഷം ഈ പ്രവർത്തനത്തെ സജീവമാക്കിയ ജേഷ്ഠസഹോദരൻ മൗലാനാ സയ്യിദ് അബ്ദുല്ലാഹ് ഹസനി ഇപ്രകാരം വിവരിച്ചു: ഒരു വൃക്ഷം വളർന്നാൽ അതിന്റെ ശാഖകൾ പ്രകടമായി നിൽക്കുന്നതും വേരുകൾ ഭൂമിയിൽ മറഞ്ഞിരിക്കുന്നതുമാണ്. വേരുകൾ നന്നായി നിലനിൽക്കുന്ന കാലത്തോളം വൃക്ഷവും നന്നായിരിക്കുന്നതാണ്. ഇപ്രകാരം പയാമെ ഇൻസാനിയ്യത്തിന്റെ പ്രവർത്തനം ശിഖരങ്ങളാണ്. ദഅ്വത്ത് (ജനങ്ങൾ സന്മാർഗ്ഗം പ്രാപിക്കണമെന്ന ആഗ്രഹവും അതിനുവേണ്ടിയുള്ള പരിശ്രമങ്ങളും) വേരുകളാണ്. വേരുകൾ ഒരിക്കലും വെളിയിൽ വരാൻ പാടില്ല. അല്ലാഹു ഇക്കാര്യങ്ങൾ നല്ലനിലയിൽ മനസ്സിലാക്കാനും ഉൾക്കൊള്ളാനും ഉദവി നൽകട്ടെ.